# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:* 749 15.07.2014 ൽ മറുപടിക്ക്

### റോഡപകടങ്ങളുടെ വിശകലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ:<br>" കെ. മുഹമ്മദുണ്ണി ഹാജി:<br>,, എം. ഉമ്മർ:<br>,, പി. ബി. അബ്ദുൾ റസാക്: | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | റോഡപകടങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തെങ്കിലും ഗതാഗത വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്നുണ്ടോ; | (എ) | ഉണ്ട്. വാഹനാപകട കേസുകൾ അന്വേഷിക്കുന്നതും പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതും പോലീസ് വകുപ്പാണ്. ഇതിന്റെ ഭാഗമായി അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ മോട്ടോർവാഹന വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അപകടകാരണം യന്ത്രത്തകരാറു കൊണ്ടാണോ അല്ലയോ എന്ന് റിപ്പോർട്ട് നൽകുകയും ചെയ്യുന്നു.<br>റോഡപകടങ്ങൾ ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നതിലേക്കായി പോലീസ്, ഗതാഗത പൊതുമരാമത്ത് വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് റോഡ് സുരക്ഷാ കമ്മീഷണർ ചെയർമാനും, ഐ.ജി (ട്രാഫിക്), പൊതുമരാമത്ത് വകുപ്പിലെ ദേശീയ പാത, റോഡ്സ് വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാർ അംഗങ്ങളുമായി സംസ്ഥാന തല റോഡപകട അവലോകന സമിതിയും, ജില്ലാ തലത്തിൽ ജില്ലാ പോലീസ് മേധാവി ചെയർമാനായും, ബന്ധപ്പെട്ട റീജ്യണൽ ട്രാൻസ്പോർട്ട് ഓഫീസർ, പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ |

| | | | |
|---|---|---|---|
| | | | അംഗങ്ങളായി ജില്ലാതല റോഡപകട അവലോകന സമിതിയും രൂപീകരിച്ചിട്ടുണ്ട്. അടിയ്ക്കിടിയുണ്ടാകുന്ന റോഡപകടങ്ങൾ സംബന്ധിച്ച വസ്തുകളേയും, സാഹചര്യങ്ങളേയും കുറിച്ച് പഠനം നടത്തുന്നതിലേക്കായി ഒരു അന്വേഷണ കമ്മീഷനെയും നിയോഗിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ 2013-ൽ ഉണ്ടായ അപകടങ്ങൾ വിശകലനം ചെയ്തതിൽ നിന്നും വെളിപ്പെട്ട വിവരങ്ങൾ വിശദമാക്കാമോ; | (ബി) | ഡ്രൈവർമാരുടെ പരിചയക്കുറവ്, അപകട സാദ്ധ്യത തിരിച്ചറിയുന്നതിലേക്കുള്ള സൂചകങ്ങളുടെ അഭാവം, അശ്രദ്ധ, അപകടകരമായ ഡ്രൈവിംഗ്, അമിതവേഗത മുതലായ കാരണങ്ങൾ 2013 ൽ റോഡപകടങ്ങൾക്ക് കാരണമായി വെളിപ്പെട്ടിട്ടുണ്ട്. |
| (സി) | മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടില്ലെങ്കിൽ അപകടങ്ങളിൽ ഡ്രൈവറുടെ ഭാഗത്തുനിന്നുണ്ടാകുന്ന വീഴ്ചയിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് പഠനവും വിവരശേഖരണവും നടത്താൻ നടപടി സ്വീകരിക്കുമോ? | (സി) | മദ്യപിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് അപകടങ്ങൾക്ക് കാരണമാകുന്നുണ്ടെന്ന് മോട്ടോർ വാഹന വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുവാൻ ആൽക്കോ മീറ്റർ ഇപ്പോൾത്തന്നെ ഉപയോഗിക്കുന്നുണ്ട്. എന്നിരുന്നാലും വാഹനാപകട കേസുകൾ അന്വേഷിക്കുന്നതും പ്രോസിക്യൂഷൻ നടപടികൾ എടുക്കുന്നതും പോലീസ് വകുപ്പായതിനാൽ അത്തരത്തിൽ ഒരു വിവരശേഖരണം മോട്ടോർവാഹന വകുപ്പ് നടത്തിയിട്ടില്ല. ഭാവിയിൽ പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ ഒരു വിവരശേഖരണവും അതിനനുസരിച്ച് നടപടിയും എടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ